"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിലെ അന്യത്രസേവനം കഴിഞ്ഞ് വകുപ്പിൽ റിപ്പോർട്ട് ചെയ്ത കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ഉചിത നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1003/2024/AGRI തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/10/2024 ADFW/8527/2022-SB2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സപ്ലൈകോയിൽ പാഡി മാർക്കറ്റിംഗ് ഓഫീസ്സറായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി റിസ്സ മോൾ സൈമൺ, അന്യത്ര സേവന കാലാവധി അവസാനിച്ചതിനാൽ 14/10/2024 ന് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, തിരുവനന്തപുരം സപ്ലൈകോയിലെ പാഡി മാർക്കറ്റിംഗ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ചന്ദ്രലേഖ.സി.എസ്, അന്യത്ര സേവന കാലാവധി 31/10/2024 ന് അവസാനിക്കുന്നതിനാൽ അന്യത്രസേവനം പൂർത്തിയാകുന്ന മുറയ്ക്ക് ടിയാളെ മാതൃവകുപ്പിൽ പുനഃപ്രവേശിപ്പിച്ച് നിയമനം നൽകുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും ടിയാളുകൾക്ക് ഉചിത നിയമനം നൽകുവാനും പരാമർശം കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് ശ്രീമതി റിസ്സ മോൾ സൈമൺ- ന് ഉടൻ പ്രാബല്യത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മതിലകം തസ്തികയിലും, ശ്രീമതി. ചന്ദ്രലേഖ.സി.എസ്., ന് 01/11/2024 പ്രാബല്യത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കാട്ടാക്കട തസ്തികയിലും, ഭരണസൗകര്യാർത്ഥം നിയമനം നൽകി ഉത്തരവാകുന്നു.

3. മേൽ പരാമർശിത ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ച വിവരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ശ്രീമതി ചന്ദ്രലേഖ.സി.എസ് , കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

ശ്രീമതി റിസ്സ മോൾ സൈമൺ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന

കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/207/2024-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 24-10-2024 16:43:12
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.